2023
NOVEMBER
23
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## കോടതിയെ വെല്ലുവിളിച്ച് ഇരുട്ടിന്റെ മറവിൽ റോബിൻ ബസിന് വീണ്ടും പിഴ

**പത്തനംതിട്ട:** കോയമ്പത്തൂരിൽനിന്നു മടങ്ങിയ റോബിൻ ബസിന് ബുധനാഴ്ച പകൽ പിഴയീടാക്കാൻ എത്താതിരുന്ന മോട്ടർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ ഇരുട്ടിന്റെ മറ പറ്റി വ്യാഴാഴ്ച പുലർച്ചെ ഒരു മണിക്ക് 7500 രൂപ പിഴയിട്ടു. പെർമിറ്റ് ലംഘനം എന്ന പേരിലാണു പിഴയീടാക്കിയതെന്നു ബേബി ഗിരീഷ് പറഞ്ഞു. മുൻപു നൽകിയ മറ്റൊരു ചെലാനിലെ 7500 രൂപയും വാങ്ങിയിട്ടുണ്ട്. ബസിൽ ഗിരീഷ് ഉണ്ടായിരുന്നില്ല.

ബസിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചു ഫെയ്സ്ബുക് പോസ്റ്റിട്ട മോട്ടർ വാഹന വകുപ്പ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലായിരുന്നു പുലർച്ചെ പരിശോധന നടന്നത്. ഇയാളുടെ നടപടിക്കെതിരെ കോടതിയെ സമീപിക്കുമെന്നും ചെങ്ങന്നൂർ പമ്പ സർവീസ് തടയാനുള്ള നീക്കമാണ് ഇപ്പോൾ നടക്കുന്നതെന്നും ഗിരീഷ് ആരോപിച്ചു.

ഇന്നലെ മോട്ടർ വാഹന വകുപ്പിന്റെ തടസ്സങ്ങളില്ലാതെയാണ് റോബിൻ ബസ് പത്തനംതിട്ട കോയമ്പത്തൂർ സർവീസ് നടത്തിയത്. സാങ്കേതിക തകരാർ മൂലം രാവിലെ 5ന് പുറപ്പെടേണ്ട ബസ് ഏഴരയോടെയാണ് പത്തനംതിട്ട വിട്ടത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ ബസിൽ യാത്ര ചെയ്യാനായി എത്തിയിരുന്നു. കോടതി വിധിയുള്ളതിനാൽ ഇന്നലെ എവിടെയും ബസ് തടഞ്ഞു പരിശോധിച്ചില്ല. ചൊവ്വാഴ്ച കോയമ്പത്തൂർ ആർടിഒ വിട്ടയച്ച ബസ് പത്തനംതിട്ടയിൽ എത്തിയപ്പോൾ വലിയ സ്വീകരണമാണു ലഭിച്ചത്.

തമിഴ്നാട്ടിൽ 1 ലക്ഷത്തോളം രൂപ പിഴയടച്ചാണ് ബസ് പുറത്തിറക്കിയതെങ്കിലും കേരളത്തിൽ ബസുടമകൾ പിഴയടച്ചിട്ടില്ല. അതുകൊണ്ട് കോടതിയെ വെല്ലുവിളിച്ച് ബസ് പിടിച്ചെടുക്കാനാണ് സർക്കാർ ആലോചിക്കുന്നത്.

## മോട്ടോർ വാഹന നിയമലംഘനം; ഇ ചെല്ലാനുകൾ ഇനി മലയാളത്തിലും

**തിരുവനന്തപുരം:** മോട്ടർ വാഹന നിയമലംഘനങ്ങൾ കണ്ടെത്തി തയാറാക്കുന്ന ഇ ചലാനുകൾ ഇനി മലയാളത്തിലും വായിക്കാം. മുൻപ് ഇംഗ്ലിഷ്, ഹിന്ദി ഭാഷകളിൽ ആയിരുന്നു വിവരണം. ഇപ്പോൾ ഇംഗ്ലിഷ്, മലയാളം എന്നിങ്ങനെ മാറ്റം വരുത്തിയിട്ടുണ്ട്. ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റം എന്താണ് എന്നത് വാഹന ഉടമകൾക്ക് വ്യക്തമായി മനസിലാക്കാനാകും. ഇ ചലാൻ ലഭിക്കുമ്പോൾ എന്തെങ്കിലും പരാതികൾ ഉന്നയിക്കാൻ വെബ് മേൽവിലാസവും വിലാസവും ഉൾപ്പെടുത്തി.

https://echallan.parivahan.gov.in/gsticket എന്ന മേൽവിലാസം എല്ലാ ഇ ചലാനുകളിലും പ്രിൻറ് ചെയ്തു വരും. പേര്, ഫോൺ നമ്പർ, ഇ മെയിൽ വിലാസം, ഇ ചലാൻ നമ്പർ, വാഹന നമ്പർ തുടങ്ങിയവ രേഖപ്പെടുത്തി എന്താണു പരാതി എന്നറിയിക്കാം. ഇത്തരത്തിൽ പരാതിപ്പെടുമ്പോൾ ടിക്കറ്റ് നമ്പർ ലഭിക്കും.

ഫോട്ടോയും അപ്‌ലോഡ് ചെയ്യാനുള്ള സൗകര്യമുണ്ട്. പിഴ അടയ്ക്കാൻ ഉള്ള തടസങ്ങൾ, വാഹനത്തിന്റെ നമ്പർ മാറിയതു മൂലം തെറ്റായ പിഴ ലഭിക്കൽ, എന്താണു നിയമലംഘനം എന്നു രേഖപ്പെടുത്താതിരിക്കൽ, രേഖകൾ കണ്ടുകെട്ടൽ, പിഴ അടച്ചിട്ടും വാഹൻ പോർട്ടലിൽനിന്നും മറ്റ് സർവീസുകൾ ലഭിക്കാതിരിക്കൽ തുടങ്ങിയ കാരണങ്ങൾക്ക് ഇ പോർട്ടൽ വഴി പരാതിപ്പെടാം.

മോട്ടർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ തയാറാക്കുന്ന ഇ ചലാനുകളെപ്പറ്റിയും എഐ ക്യാമറ വഴി തയാറാക്കുന്ന ഇ ചലാനുകളെ പറ്റിയും ഇതുവഴി പരാതി ഉന്നയിക്കാവുന്നതാണ്. മുൻപ് തെറ്റായ



ചലാനുകൾ ലഭിക്കുന്നവർക്ക് പരാതിപ്പെടാൻ ഒരു പൊതുവായ വെബ് പോർട്ടൽ ഇല്ലാതിരുന്നതു മൂലം വാഹന ഉടമകൾ വിവിധ ഓഫിസുകൾ കയറിയിറങ്ങേണ്ട അവസ്ഥയായിരുന്നു. ഈ ചലാൻ തയാറാക്കുന്ന ഉദ്യോഗസ്ഥന്റെ മൊബൈൽ ഫോൺ നമ്പരും ഇനിമുതൽ ചലാനുകളിൽ പ്രിന്റ് ചെയ്തു വരും. തെറ്റായ ഇ ചലാൻ ലഭിച്ചാൽ ഇക്കാര്യം ഉദ്യോഗസ്ഥരെ അറിയിക്കാം. പരിഹാരം ലഭിച്ചില്ലെങ്കിൽ പരാതിപ്പെടാം.

വെബ് പോർട്ടൽ വഴി ലഭിക്കുന്ന പരാതികൾ അതത് ഓഫിസ് മേധാവികളുടെ അഡ്മിൻ ഐഡിയിൽ ലഭിക്കും. ഇവർ ഉദ്യോഗസ്ഥനോടു വിശദീകരണം ആവശ്യപ്പെടുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യും. സ്വീകരിച്ച നടപടി വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യും. പരാതി റജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന ടിക്കറ്റ് നമ്പർ ഉപയോഗിച്ച് പരാതിയുടെ തൽസ്ഥിതി വാഹന ഉടമകൾക്ക് പരിശോധിക്കാം.

## ഇന്ത്യൻ സഞ്ചാരികൾക്ക് വീസയില്ലാതെ വിയറ്റ്നാമിലേക്ക് പറക്കാം

**ഹാനോയ്:** സഞ്ചാരികളെ ആകർഷിച്ചു കൊണ്ട് ടൂറിസം വരുമാനത്തിൽ വർധനയുണ്ടാക്കാനുള്ള ശ്രീലങ്കയുടേയും തായ്‌ലാൻഡിൻറെയും പാത പിന്തുടർന്ന് വിയറ്റ്നാമും. ഇന്ത്യക്കാർക്ക് വീസരഹിത പ്രവേശനം നൽകാൻ വിയറ്റ്നാമും തയാറെടുക്കുന്നുവെന്ന് റിപ്പോർട്ട് വന്നു.വിയറ്റ്നാം ടൂറിസം വകുപ്പ് മന്ത്രിയായ ങുൻ വാൻ ജങ് ആണ് ഇക്കാര്യം സൂചിപ്പിച്ചത്. വിയറ്റ്നാമിൻറെ പ്രധാന ടൂറിസം മാർക്കറ്റുകളാണ് ഇന്ത്യയും ചൈനയും. ഇരു രാജ്യങ്ങളിൽ നിന്നുള്ളവർക്കും വീസരഹിത പ്രവേശനം സാധ്യമാക്കുന്നതോടെ രാജ്യത്തെ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.



കോവിഡ് വ്യാപനം മൂലം ഏറ്റവുമധികം സാമ്പത്തിക പ്രതിസന്ധി ബാധിച്ച രാജ്യങ്ങളിലൊന്നാണ് വിയറ്റ്നാം. ഈ വർഷം ജനുവരി മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ ഏകദേശം ഒരു കോടി സഞ്ചാരികളാണ് വിയറ്റ്നാമിലെത്തിയതെന്നും 2022നെ അപേക്ഷിച്ച് ഇതിൽ അഞ്ചിരട്ടി വർധനയുണ്ടായിട്ടുണ്ടെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

നിലവിൽ ജർമനി, ഇറ്റലി, ഫ്രാൻസ്, സ്പെയിൻ, സ്വീഡൻ, ഫിൻലൻഡ്, ഡെന്മാർക്ക് എന്നീ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് വീസ ഇല്ലാതെ തന്നെ വിയറ്റ്നാമിൽ പ്രവേശിക്കാം.





# ചൈതന്യ കാർഷികമേള; കാർഷിക സംസ്കൃതിയുടെ വിസ്മയക്കാഴ്ച

**കോട്ടയം:** നവീനയന്ത്രങ്ങളുടെ വരവിനു മുന്പ് കേരളത്തിന് തനതായൊരു കാർഷിക സംസ്കൃതിയുണ്ടായിരുന്നു. കാലാവസ്ഥയ്ക്കിണങ്ങും വിധം അറയും നിരയുമുള്ള വീടുകളും മറ്റു നിർമിതികളും. എല്ലാ വീടുകളിലും പത്താഴവും അരിപ്പെട്ടിയും ഉറിയും ഉരലും ഉലക്കയുമൊക്കെയുള്ള കാലം. കല്ലിലും തടിയിലും തീർത്ത ഉരലുകൾ. ചെമ്പുകുടവും ചെമ്പുകലവും കിണ്ടിയും മൊന്തയുമൊക്കെയായി പാത്രങ്ങൾ.

തെള്ളകം ചൈതന്യ കാർഷിക മേളയിലെ പ്രദർശനങ്ങൾ പഴമയുടെ ഓർമ പുതുക്കലാണ്. വൈദ്യുതി ഇല്ലാതിരിക്കെ തടിയിലും ഗ്ലാസിലും ഓടിലും പണിത് വീടുകളിൽ ഉപയോഗിച്ചിരുന്ന വിവിധയിനം വിളക്കുകൾ. നെൽകൃഷിയുമായി മാത്രം ബന്ധപ്പെട്ട കാർഷിക ലോകം. നെൽവിത്തു സൂക്ഷിക്കാനും അളക്കാനും വിതയ്ക്കാനും കൊയ്യാനും മെതിക്കാനും ഉതകുന്ന ഉപകരണങ്ങൾ നിരവധി. പറയും നാഴിയുമൊക്കെയായി നിരവധി പാത്രങ്ങൾ. പാടം വറ്റിക്കാനുള്ള ചക്രങ്ങളും വെള്ളം തേവി മാറ്റാനുള്ള തടിപാത്രങ്ങളും തൂമ്പകളും. ഇന്നത്തെ തലമുറയ്ക്ക് വിസ്മയമായ അളവുതൂക്ക ഉപകരണങ്ങൾ. ത്രാസുകളുടെ ശേഖരത്തിനൊപ്പം റാത്തൽ തുടങ്ങിയവയും. കാളവണ്ടി, വില്ലുവണ്ടി, കുതിരവണ്ടി... ഇവിടെ കാണാം.

അടുക്കളയിലേക്ക് ചിരവ, കൂട, ഉറി, തിരിക തുടങ്ങി പലയിനം ഉപകരണങ്ങൾ. മാങ്ങ ഉപ്പിട്ടുവയ്ക്കാൻ മാത്രം തടിയിലും കല്ലിടും തീർത്ത പലതരം ഭരണികൾ. ചീനഭരണികളുടെയും കൽഭരണികളുടെയും പല വലിപ്പത്തിലും വലിയൊരു ശേഖരം തന്നെയുണ്ട്.

അരിവാൾ, വാക്കത്തി, മഴു, കൊയ്ത്തരിവാൾ, തൂമ്പ, വട്ടി, കുട്ട തുടങ്ങിയ കാർഷിക ഉപകരണങ്ങൾ. മീൻ പിടിത്തത്തിനുള്ള വിവിധയിനം കൂടകൾ മറ്റൊരു കാഴ്ച. വീടുകളിൽ ഉപയോഗിച്ചിരുന്ന തടിക്കസേരകൾ, ബെഞ്ച്, കട്ടിൽ, കൊരണ്ടി, ഈഞ്ഞാൽ എന്നിങ്ങനെ പലതും. കുട്ടികളെ ഉറക്കാൻ തടിയിൽ തീർത്ത തൊട്ടിലുകളുമുണ്ട്. മരുത്, വീട്ടി, തേക്ക്, ആഞ്ഞിലി, പ്ലാവ് തുടങ്ങി വിവിധയിനം തടികളിൽ പണിത വീട്ടുപകരണങ്ങളും മേളയിൽ കാണാം. ഇരുനൂറുവർഷമായിട്ടും യാതൊരു കേടുപാടുകളും ഇവയ്ക്കില്ല. ഇക്കാലത്ത് കമ്പനി നിർമിതമായ പൂട്ടുകളെ അതിശയിപ്പിക്കും വിധം തടിയിൽ തീർത്ത മണിച്ചിത്രത്താഴും മറ്റു പൂട്ടുകളും ഒരു വിസ്മയമാണ്. സ്വയംപര്യാപ്തമായ ഒരു കാർഷിക സംസ്കാരത്തെ വിളിച്ചറിയിക്കുന്ന പ്രദർശനമാണ് ചൈതന്യ കാർഷികോത്സവത്തിൽ ഒരുക്കിയിരിക്കുന്നത്. കർഷകർക്കും ഗവേഷകർക്കും കേരളത്തിനു തനതായൊരു സംസ്കൃതിയുണ്ടായിരുന്നു എന്നതിന് തെളിവാകുയാണ് ഇന്നലെകളിൽ ഉപയോഗിച്ചിരുന്ന ഈ ഉപകരണങ്ങൾ.

## ദേശീയ സിവിൽ സർവീസ് മത്സരങ്ങൾ: സെലക്ഷൻ ട്രയൽസ് 25 മുതൽ

**തിരുവനന്തപുരം:** 202324 വർഷത്തെ ദേശീയ സിവിൽ സർവ്വീസ് മത്സരങ്ങളിൽ പങ്കെടുക്കേണ്ട സംസ്ഥാന ടീമിനെ തിരഞ്ഞെടുക്കുന്നതിനായി നവംബർ 25 മുതൽ ഡിസംബർ 16 വരെ വിവിധ ജില്ലകളിൽ സെലക്ഷൻ ട്രയൽസ് നടത്തും.

തിരുവനന്തപുരം (അത്‌ലറ്റിക്സ്, കാരംസ്, ചെസ്സ്, ടേബിൾടെന്നീസ്, ക്രിക്കറ്റ്) കോട്ടയം (വോളിബോൾ, ബാസ്ക്കറ്റ്ബോൾ) മലപ്പുറം (ഫുട്ബോൾ) ആലപ്പുഴ (നീന്തൽ, പവർലിഫ്റ്റിങ്ങ്) തൃശ്ശൂർ (വെയ്റ്റ്ലിഫ്റ്റിങ്, ബെസ്റ്റ്ഫിസിക്, ഷട്ടിൽ ബാഡ്മിന്റൺ) താത്പര്യമുള്ള കായികതാരങ്ങൾ മേലധികാരി സാക്ഷ്യപ്പെടുത്തിയ അസൽ എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെടണം.

## ഹയർസെക്കൻഡറി സുവോളജി സ്കൂൾ ടീച്ചർ

**കോട്ടയം:** ജില്ലയിലെ ഒരു എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ സുവോളജി (സീനിയർ) തസ്തികയിൽ ഭിന്നശേഷി  ശ്രവണ പരിമിതർക്ക് സംവരണം ചെയ്തിരിക്കുന്ന ഒരു സ്ഥിര ഒഴിവുണ്ട്.

50 ശതമാനത്തിൽ കുറയാതെയുള്ള സുവോളജി ബരുദാനന്തര ബിരുദമാണ് യോഗ്യത. കൂടാതെ ബി.എഡ്/ സെറ്റ്, നെറ്റ്/ എം.എഡ്/ എം.ഫിൽ/ പി.എച്ച്.ഡി അല്ലെങ്കിൽ തത്തുല്യം വേണം. 55200115300 ആണ് ശമ്പള സ്കെയിൽ. 01.01.2023 ന് 40 വയസ് കവിയരുത്. (നിയമാനുസൃത വയസിളവ് ബാധകം).

ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭായാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളുമായി 27 നകം ബന്ധപ്പെട്ട പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എസ്ചേഞ്ചിലോ അടുത്തുള്ള ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നേരിട്ടെത്തണം. നിലിവൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കണം.

## സ്റ്റാഫ് നഴ്സ് കരാർ നിയമനം

**തിരുവനന്തപുരം:** കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റി കണ്ണൂർ റീജിയൺ ഇ.കെ. നായനാർ സ്മാരക അമ്മയും കുഞ്ഞും ആശുപത്രി പേവാർഡിലേക്ക് സ്റ്റാഫ് നഴ്സ് തസ്തികയിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾക്കായി നവംബർ 30ന് രാവിലെ 10.30ന് പയ്യന്നൂർ താലൂക്ക് ആശുപത്രി റീജിയണൽ മാനേജരുടെ കാര്യാലയത്തിൽ അഭിമുഖം നടത്തും. താത്പര്യമുള്ളവർ രാവിലെ 10ന് യോഗ്യത സർട്ടിഫിക്കറ്റുകളുടെയും പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകളുടെയും അസൽ/സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: www.khrws.kerala.gov.in.

# തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ പുതിയ സമിതി

**ഉപ്പുതറ:** സംസ്ഥാനത്തെ തോട്ടം മേഖലയിലെ പ്രശ്നങ്ങൾ വ്യവസായ വകുപ്പ്പഠിച്ച ശേഷം പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കുമെന്ന് സർക്കാർ. തോട്ടം മേഖല നേരിടുന്ന പ്രതിസന്ധികൾ മറികടക്കാൻ പ്രത്യേക പാക്കേജ് അനുവദിക്കണമെന്നാവശ്യപ്പെട്ട് മനുഷ്യാവകാശ പ്രവർത്തൻ ഡോ . ഗിന്നസ് മാടസ്വാമി കേന്ദ്ര  സംസ്ഥാന സർക്കാരുകൾക്ക് നിവേദനം നൽകിയിരുന്നു. ഇതിനു നൽകിയ മറുപടിയിലാണ് സർക്കാരിനു വേണ്ടി വ്യവസായ വകുപ്പ് അണ്ടർ സെക്രട്ടറി ഇക്കാര്യം വ്യക്തമാക്കിയത്. കേന്ദ്ര സർക്കാരിനു നൽകിയ നിവേദനം കേന്ദ്ര തൊഴിൽ മന്ത്രാലയം മുഖ്യമന്ത്രിക്ക് കൈമാറി. 1990 കാലഘട്ടത്തിൽ തുടങ്ങിയ പ്രതിസന്ധി തുടരുകയും 2000 ൽ 17 വൻകിട തോട്ടങ്ങൾ പൂട്ടുകയും ചെയ്യുന്ന സ്ഥിതിയിലെത്തി. ഇതിനു ശേഷം തൊഴിൽ വകുപ്പു മന്ത്രിയുടേയും ലേബർ കമീഷണറുടേയും നേതൃത്വത്തിൽ നിരവധി സംഘങ്ങൾ സ്ഥലം സന്ദർശിച്ച്

പഠനം നടത്തി സർക്കാരിനു റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട. തുടർന്ന് തോട്ടം തുറക്കുന്നതുൾപ്പെടെ നിരവധി പ്രഖ്യാപനങ്ങളും ഉണ്ടായി. അതിനിടെ

പ്രശ്ന പരിഹാരത്തിന് 2020 ൽ കാതലായ 21 നിർദേശങ്ങളടങ്ങിയ പുതിയ പ്ലാൻറേഷൻ നയത്തിനും കാബിനറ്റ് അംഗീകാരം നൽകി. പൂട്ടിയ തോട്ടങ്ങൾ തുറക്കുക, ഭൂപരിഷ്കരണ നിയമം ലംഘിക്കാതെ തോട്ടങ്ങളിൽ മറ്റു കൃഷികളും ഫാമിംഗ് ടൂറിസവും നടപ്പാക്കുക, തോട്ടം ഉല്പനങ്ങളുടെ വിതരണത്തിന് സർക്കാർ പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തുക തുടങ്ങിയവയായിരുന്നു പ്രധാന നിർദേശങ്ങൾ.

ലൈഫ് മിഷനിലൂടെ തൊഴിലാളികൾക്ക് സ്വന്തമായി വീട് നൽകാനും നിർദ്ദേശമുണ്ടായിരുന്നു. എന്നാൽ, മൂന്നു വർഷം കഴിഞ്ഞിട്ടും ഒന്നും നടപ്പായില്ല. മനുഷ്യാവകാശ കമീഷൻറെ ഇടപെടലും നിരന്തര സമ്മർദവും ഉണ്ടായതിനാൽ ലയങ്ങൾ നവീകരിക്കാൻ രണ്ടു വർഷങ്ങളിലായി 20 കോടി രൂപ അനുവദിച്ചു. എന്നാൽ, ഇക്കാര്യവും ഇതുവരെ ഫലപ്രാപ്തിയിലെത്തിയില്ല.






# കൊച്ചി ഇൻഫോപാർക്കിൽ പുതിയ അഡെസോ ഡെലിവറി സെന്റർ പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** ഡിജിറ്റൽ ട്രാൻസ്ഫോർമേഷനിലും ടെക്നോളജി സൊല്യൂഷനിലും ആഗോള തലത്തിൽ മുൻനിരയിൽ പ്രവർത്തിക്കുന്ന അഡെസോയുടെ പുതിയ ഡെലിവറി സെന്റർ കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു. അന്താരാഷ്ട്ര തലത്തിൽ കമ്പനി വിപുലീകരണത്തിന്റെ ഭാഗമായാണ് അഡെസോ ഗ്രൂപ്പ് കൊച്ചി ഇൻഫോപാർക്കിലാണ് പുതിയ ഡെലിവറിന്റെ സെന്റർ സ്ഥാപിക്കുന്നത്. കമ്പനിയുടെ ഇന്ത്യയിലെ രണ്ടാമത്തെ ഡെലിവറി സെന്ററാണിത്. ഇതിലൂടെ ട്രാൻസ്ഫോർമേഷൻ കേപ്പബിലിറ്റി ശക്തിപ്പെടുത്തുകയും ആഗോള ഡിജിറ്റലൈസേഷൻ പങ്കാളിയെന്ന നിലയിൽ അഡെസോയുടെ ആകർഷണം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

കേരളത്തിലെ പുതിയ ഡെലിവറി സെന്ററിന്റെ ഉദ്ഘാടനം അഡെസോ എക്സിക്യൂട്ടീവ് ബോർഡ് അംഗം ടോർസ്റ്റൺ വെഗ്നർ നിർവഹിച്ചു. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ആഗോള ഉപഭോക്താക്കൾക്ക് സേവനം നൽകുന്നതിനായി പുതിയ കേന്ദ്രത്തിലേക്ക് 600ലധികം ജീവനക്കാരെ നിയമിക്കാനാണ് അഡെസോ ലക്ഷ്യമിടുന്നത്. കൊച്ചിയിലേക്കുള്ള ഈ വിപുലീകരണം ഇന്ത്യൻ വിപണിയോടുള്ള അഡെസോയുടെ പ്രതിബദ്ധതയുടെയും ലോകമെമ്പാടുമുള്ള ബിസിനസുകൾക്കും സ്ഥാപനങ്ങൾക്കും നൂതന ഡിജിറ്റൽ സൊല്യൂഷനുകൾ എത്തിക്കുകയെന്ന ലക്ഷ്യത്തിന്റെയും തെളിവാണ്.

വിപുലീകരണത്തോടെ, സോഫ്റ്റ്‌വെയർ വികസനത്തിലെ കഴിവുകളുടെയും നൈപുണ്യത്തിന്റെയും കുറവുകൾ പരിഹരിക്കുന്നതിനുള്ള സ്മാർട്ട്ഷോർ സമീപനത്തെ അഡെസോ ശക്തിപ്പെടുത്തുന്നു. അങ്ങനെ ലോകത്താകമാനം 15 രാജ്യങ്ങളിലെ 64ലധികം അഡെസോ കേന്ദ്രങ്ങളിൽ നിന്ന് വിവിധ ഐടി പ്രോജക്റ്റുകളിൽ പ്രവർത്തിക്കുന്ന ഗ്ലോബൽ ടീമുകളെ വിന്യസിക്കുന്നതിനുള്ള ശ്രമത്തിലാണ് അഡെസോ.

കൊച്ചിയിലെ ഞങ്ങളുടെ പുതിയ ഓഫീസും തങ്ങളുടെ വളരുന്ന ടീമിനെയും കാണാൻ സാധിച്ചതിൽ താൻ സന്തോഷിക്കുന്നുവെന്ന് പറഞ്ഞ അഡെസോ എക്സിക്യൂട്ടീവ് ബോർഡ് അംഗം ടോർസ്റ്റൺ വെഗ്നർ, വികസിച്ചുകൊണ്ടിരിക്കുന്ന ഐ.ടി ഇക്കോസിസ്റ്റവും വൈദഗ്ധ്യമുള്ള ടാലന്റ് പൂളും കൊച്ചിയെ അഡെസോയ്ക്ക് അനുയോജ്യമായ സ്ഥലമാക്കി മാറ്റിയെന്നും കൂട്ടിച്ചേർത്തു. കൊച്ചിയിൽ ആരംഭിച്ച ഓഫീസ് നിലവിലുള്ള സ്മാർട്ട്ഷോർ സൗകര്യങ്ങളുടെ വലിയ ശൃംഖലയിൽ ചേരുകയും, വൈവിധ്യമാർന്ന ടാലന്റ് പൂളിലേക്കുള്ള വഴി തുറക്കും. വേഗത്തിലുള്ള സമയവിപണി, പ്രവർത്തന തടസ്സങ്ങളുടെ അപകടസാധ്യത എന്നിവ മനസിലാക്കി ഉപഭോക്തൃ ബിസിനസ്സ് ഫലങ്ങൾ കൈവരിക്കാൻ ഞങ്ങളെ പ്രാപ്തമാക്കും. അദ്ദേഹം പറഞ്ഞു.

പുതുതായി ഉദ്ഘാടനം ചെയ്ത കൊച്ചി ഓഫീസ് ഇന്ത്യയിലെ അഡെസോയുടെ വളർച്ചയ്ക്ക് അടിത്തറയായി പ്രവർത്തിക്കുകയും ഡിജിറ്റൽ പ്ലാറ്റ്ഫോം, ക്ലൗഡ്, ഡാറ്റ, അനലിറ്റിക്സ് എന്നിവയെ സ്വാധീനിക്കുന്ന സേവനങ്ങളുടെ ശ്രേണിയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സാമ്പത്തിക സേവനങ്ങൾ, ഓട്ടോമോട്ടീവ്, റീട്ടെയിൽ, ഉൽപ്പാദനം, ഊർജം, യൂട്ടിലിറ്റികൾ തുടങ്ങിയ മേഖലകളിലെ ക്ലയന്റുകളുടെ ബിസിനസ്സ്, സാങ്കേതികവിദ്യ, ഡിജിറ്റൽ പ്ലാറ്റ്ഫോം, ക്ലൗഡ്, ഡാറ്റ & അനലിറ്റിക്സ്, നിയന്ത്രിത സേവനങ്ങൾ എന്നിവയ്ക്ക് കേന്ദ്രമായി പ്രവർത്തിക്കുകയും ചെയ്യുമെന്ന് അഡെസോ ഇന്ത്യ മാനേജിംഗ് ഡയറക്ടർ പ്രമോദ് മുരളീധരൻ പറഞ്ഞു.

കമ്പനിയുടെ ഭാവിയും ഇന്ത്യൻ വിപണിയോടുള്ള പ്രതിബദ്ധതയും ഉയർത്തിക്കാട്ടി ഗ്ലോബൽ ലീഡർഷിപ്പ് ടീമിൽ നിന്നുള്ളവർ പരിപാടിയിൽ സംസാരിച്ചു. ഐ.ടി മേഖലയിലെ വിവിധ പ്രാദേശിക വ്യവസായ പ്രമുഖരും പങ്കാളികളും അഡെസോയിൽ നിന്നുള്ള യൂറോപ്യൻ പ്രതിനിധികളും പരിപാടിയുടെ ഭാഗമായി.

# മെഗാ കേബിൾ ഫെസ്റ്റിന് ഇന്ന് തുടക്കം

**കൊച്ചി:** സൗത്ത് ഇന്ത്യയിലെ ഏറ്റവും വലിയ ബ്രോഡ്കാസ്റ്റ്, കേബിൾ, ബ്രോഡ്ബാൻഡ് എക്സിബിഷനായ മെഗാ കേബിൾ ഫെസ്റ്റിന്റെ ഇരുപത്തി ഒന്നാം എഡിഷന് കൊച്ചി കടവന്ത്രയിലെ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ന് തുടക്കമാകും. രാവിലെ 10.30ന് സഫാരി ടിവി മാനേജിംഗ് ഡയറക്ടർ സന്തോഷ് ജോർജ്ജ് കുളങ്ങര മെഗാ കേബിൾ ഫെസ്റ്റിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. ചടങ്ങിൽ ഫ്‌ളവേഴ്സ് ടിവി മാനേജിംഗ് ഡയറക്ടർ ശ്രീകണ്ഠൻ നായർ, ബിബിസി സ്റ്റുഡിയോസ് സൗത്ത് ഏഷ്യ ഹെഡ് ഓഫ് ഡിസ്ട്രിബ്യൂഷൻ സുനിൽ ജോഷി, ഏഷ്യാനെറ്റ് ബിസിനസ് ഹെഡ് കിഷൻ കുമാർ എന്നിവർ മുഖ്യാതിഥികളായിരിക്കും.

ഉച്ചയ്ക്ക് 3 മണിക്ക് വാർത്തകളിലെ വസ്തുനിഷ്ഠതയും മാധ്യമങ്ങളുടെ വിശ്വാസ്യതയും എന്ന വിഷയത്തിൽ മാധ്യമ സെമിനാർ നടക്കും. കേരള മീഡിയ അക്കാദമി ചെയർമാൻ ആർ.എസ് ബാബു സെമിനാർ ഉദ്ഘാടനം ചെയ്യും. പ്രശസ്ത മാധ്യമ പ്രവർത്തകൻ സണ്ണിക്കുട്ടി എബ്രഹാം മോഡറേറ്ററാകും. പ്രമുഖ മാധ്യമ പ്രവർത്തകർ പ്രമോദ് രാമൻ, ഷാനി പ്രഭാകരൻ, അഭിലാഷ്.ജി.നായർ, മാതു സജി, ഹാഷ്മി താജ് ഇബ്രാഹിം എന്നിവർ സെമിനാറിൽ പങ്കെടുക്കും.

മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ഫെസ്റ്റിൽ പ്രമുഖ ബ്രോഡ്കാസ്റ്റർമാരും ഡിജിറ്റൽ കേബിൾ ടിവി ബ്രോഡ്ബാൻഡ് ടെക്നോളജി കമ്പനികളും ട്രേഡർമാരും എക്സിബിഷനിൽ പങ്കെടുക്കും.

ടൈംസ് നെറ്റുവർക്കാണ് മെഗാ കേബിൾ ഫെസ്റ്റിന്റെ മുഖ്യ സ്പോൺസർ. സോണി പിക്ചേർസ്, വാർണർ ബ്രദേർസ് ഡിസ്കവറി, ചാംകോങ് തുടങ്ങിയവരാണ് കോ സ്പോൺസർമാർ.

മാറുന്ന വിവര വിനിമയ , മാധ്യമ മേഖലയിലെ പ്രവണതകളും ഭാവി സാധ്യതകളും പുതു സാങ്കേതികതയും മെഗാ കേബിൾ ഫെസ്റ്റ് പരിചയപ്പെടുത്തും. കേബിൾ ടിവി ഓപ്പറേറ്റേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കേരള ഇൻഫോമീഡിയയാണ് മെഗാ കേബിൾ ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

## ഒഡീസി ഓഫ് കളേഴ്സ് 26 മുതൽ ദർബാർ ഹാളിൽ

**കൊച്ചി:** സിംഗപ്പൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ചിത്രകാരൻമാരുടെ പെയിന്റിംഗ് എക്സിബിഷൻ ഒഡീസി ഓഫ് കളേഴ്സ് നവംബർ 26 മുതൽ 30 വരെ ദർബാർ ഹാൾ ആർട്ട് ഗ്യാലറിയിൽ നടക്കും. രാവിലെ 11 മുതൽ രാത്രി ഏഴു വരെയാണ് പ്രദർശനം. ചിത്രകാരിയും സംരംഭകയും വിസ്റ്റാർ ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകയും സി എം ഡിയുമായ ഷീല കൊച്ചൗസേപ് പ്രദർശനം ഉദ്ഘാടനം ചെയ്യും. ദീപ മദൻ, ഹരിചന്ദ്ര ജയശങ്കർ, സജീവ് കുമാർ ചിയ്യാരത്ത് എന്നിവരുടെ പ്രദർശനങ്ങളാണ് ഒഡീസി ഓഫ് കളേഴ്സിലുള്ളത്.

## നിയമസഭാ സമിതി ജില്ലയിലെ മത്സ്യബന്ധന തുറമുഖങ്ങൾ സന്ദർശിക്കുന്നു

**തിരുവനന്തപുരം:** മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി നവംബർ 24ന് രാവിലെ 10.30 ന് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷൻ ഓഫീസിൽ യോഗം ചേരുന്നു. സമിതിക്ക് ലഭിച്ച ഹർജികളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും പരാതികൾ സ്വീകരിക്കുകയും വിഴിഞ്ഞം ഹാർബർ സന്ദർശിക്കുകയും ചെയ്യും.

# ആരോഗ്യ വിദ്യാഭ്യാസ പദ്ധതി: കൊച്ചി നഗരസഭയും കൊച്ചി കപ്പൽശാലയും കരാർ ഒപ്പുവച്ചു

**കൊച്ചി:** കൊച്ചി കപ്പൽശാലയുടെ സി.എസ്.ആർ പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരസഭയിലെ വിദ്യാലയങ്ങളായ ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്ക്കൂൾ, എറണാകുളം, ഗവ.ഹൈസ്ക്കൂൾ നോർത്ത് ഇടപ്പള്ളി എന്നിവിടങ്ങളിൽ മാത്തമാറ്റിക്സ്, സയൻസ് ലാബുകൾ ആരംഭിക്കുന്നതിനും നഗരത്തിലെ ആരോഗ്യ ശുചിത്വ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കുമായി മൂന്ന് പദ്ധതികളുടെ കരാറുകളാണ് ഒപ്പുവച്ചത്.

ചടങ്ങിൽ ബഹു. മേയർ അഡ്വ. എം. അനിൽകുമാർ ,കൊച്ചി കപ്പൽശാല സി.എസ്.ആർ വിഭാഗം മേധാവി ശ്രീ. പി.എൻ. സമ്പത് കുമാർ, സി ഹെഡ് ഡയറക്ടർ ഡോ. രാജൻ ചേടമ്പത്ത്, സ്ക്കൂൾ പ്രധാന അദ്ധ്യാപികമാരായ ശ്രീമതി. ലതിക പണിക്കർ, ശ്രീമതി. ലാലി സി.എൽ, കപ്പൽശാല സി.എസ്.ആർ വിഭാഗം മാനേജർമാരായ ശ്രീ.ശശീന്ദ്രദാസ്. പി. എസ്, ശ്രീ. യൂസഫ് എ.കെ, സി ഹെഡ് പ്രതിനിധി ശ്രീമതി. സിമ്മി.എസ്, ശ്രീ.വിശ്വനാഥ മേനോൻ എന്നിവർ പങ്കെടുത്തു.



# പൗൾട്രി ഇൻഡ്യ 2023 ന് നാളെ സമാപനം

**കൊച്ചി:** പൗൾട്രി മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് സംഘടിപ്പിച്ചിരിക്കുന്ന സൗത്ത് ഏഷ്യയിലെ ഏറ്റവും വലിയ എക്സിബിഷനായ പൗൾട്രി ഇൻഡ്യ 2023 ന് നാളെ (24.11.23) സമാപനം. ഹൈദ്രാബാദ് ഹൈടെക് ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ കഴിഞ്ഞ രണ്ടു ദിവസമായി നടന്നു വരുന്ന എക്സിബിഷനിൽ കേരളത്തിൽ നിന്നടക്കം പൗൾട്രി മേഖലയിൽ പ്രവർത്തിക്കുന്ന രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി ആയിരക്കണക്കിന് കർഷകരാണ് പങ്കെടുക്കുന്നത്.

ഇന്ത്യയിലും വിദേശങ്ങളിലുമായി പൗൾട്രി മേഖലയിൽ പ്രവർത്തിക്കുന്ന 421 ലധികം കമ്പനികളാണ് എക്സിബിഷനിൽ പങ്കെടുക്കുന്നത്. പൗൾട്രി ബിസിനസ് മേഖലയിലെ നവീന സാങ്കേതിക വിദ്യയും നൂതന ആശയങ്ങളും ജനങ്ങളിലെത്തിക്കുക,ആരോഗ്യ പരിപാലന, പോഷകാഹാരങ്ങളിൽ പൗൾട്രി ഉൽപ്പന്നങ്ങളുടെ പ്രാധാന്യം, അറിവ് എന്നിവ സമൂഹത്തിന് പകർന്നു നൽകുകയെന്നതാണ് എക്സിബിഷൻ പ്രധാനമായും ലക്ഷ്യം വെയ്ക്കുന്നതെന്ന് ഇന്ത്യൻ പൗൾട്രി എക്യുപ്മെന്റ് മാനുഫാക്ചേഴ്സ് അസോസിയേഷൻ ( ഐ.പി.ഇ.എം.എ) പ്രസിഡന്റ് ഉദയ് സിംഗ് ബയാസ് പറഞ്ഞു. രണ്ടു ദിവസമായി നടന്നു വരുന്ന പ്രദർശനത്തിൽ കർഷരുടെയും പൊതുജനങ്ങളുടെയും വൻ പങ്കാളിത്തമാണ് ഉണ്ടാകുന്നത്. 2007 മുതൽ സംഘടിപ്പിച്ചുവരുന്ന പ്രദർശനം പൗൾട്രി മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ലോകത്തിലെ തന്നെ ഏറ്റവും മികച്ച പ്രദർശനമാണ്.എക്സിബിഷനു മുന്നോടിയായി രാജ്യത്തിനകത്തും പുറത്തു നിന്നുമുള്ള കാർഷിക മേഖലയിലെ പ്രമുഖ ശാസ്ത്രജ്ഞർ പങ്കെടുത്ത നോളഡ്ജ് ഡേ എന്ന പേരിൽ ഏകദിന സാങ്കേതിക സെമിനാറും സംഘടിപ്പിച്ചിരുന്നു.

## മുഖ്യമന്ത്രി രാജിവെയ്ക്കണം: ജെ.എസ്.എസ് ധർണ്ണ നാളെ

**കൊച്ചി:** കേരളത്തിന്റെ സമസ്തമേഖലയും തകർത്തുകൊണ്ടിരിക്കുന്ന എൽഡിഎഫ് സർക്കാരിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെയ്ക്കണമെന്നാവശ്യപ്പെട്ട് ജെ.എസ്.എസ് ന്റെ നേതൃത്വത്തിൽ നാളെ (24.11.23) എറണാകുളത്ത് ധർണ്ണ നടത്തും. മേനക ജംഗ്ഷനിൽ രാവിലെ 10 ന് ആരംഭിക്കുന്ന ധർണ്ണ ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ.എൻ രാജൻ ബാബു ഉദ്ഘാടനം ചെയ്യും. സംസ്ഥാന പ്രസിഡന്റ് പ്രൊഫ.എ.വി താമരാക്ഷൻ അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എം.പി, യു.ഡി.എഫ് ജില്ലാ ചെയർമാൻ ഡൊമിനിക് പ്രസന്റേഷൻ,ഡി.സി.സി പ്രസിഡന്റ് അഡ്വ. മുഹമ്മദ് ഷിയാസ് തുടങ്ങിയവർ പങ്കെടുക്കും.




# കൊച്ചിയിൽ ബിപിസിഎല്ലിൻെറ ജൈവമാലിന്യ സംസ്കരണ പ്ലാൻറ്

**കൊച്ചി:** നഗരത്തിലെ ജൈവമാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുന്ന ബിപിസിഎല്ലിൻറെ കംപ്രസ്ഡ് ബയോഗ്യാസ് പ്ലാൻറിന് മന്ത്രിസഭയുടെ അംഗീകാരം. നവകേരള സദസ് പര്യടനത്തിനിടെ തലശേരിയിൽ ചേർന്ന മന്ത്രിസഭായോഗമാണ് പദ്ധതിക്ക് അംഗീകാരം നൽകിയത്.

കൊച്ചി കോർപ്പറേഷൻറെ കൈവശമുള്ള ബ്രഹ്മപുരത്തെ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി ഇതിനായി ബിപിസിഎല്ലിന് കൈമാറും. ഈ ഭൂമിയിലാണ് ബിപിസിഎൽ പ്രതിദിനം 150 മെട്രിക് ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാൻറ് സ്ഥാപിക്കുക.

പ്ലാൻറിൽ നിന്നും ഉത്പാദിപ്പിക്കുന്ന കംപ്രസഡ് ബയോഗ്യാസ് ബിപിസിഎൽ ഉപയോഗിക്കും. ഏകദേശം 150 കോടി രൂപയാണ് നിർമ്മാണ ചെലവ്. ഈ തുക പൂർണമായും ബിപിസിഎൽ ആണ് വഹിക്കുക.

പ്ലാൻറ് നിർമാണത്തിന് ആവശ്യമായ ജലം, വൈദ്യുതി എന്നിവ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കും. 15 മാസത്തിനകം പദ്ധതി പൂർത്തിയാവും.

പ്ലാൻറിൽ ഉൽപാദിപ്പിക്കുന്ന ജൈവവളം കർഷകർക്ക് ലഭ്യമാക്കും. മാലിന്യ സംസ്കരണത്തിൻറെ ഭാഗമായി ഉണ്ടാകുന്ന മലിനജലം സംസ്കരിച്ച് ശുദ്ധമായ ജലം മാത്രമേ പുറത്തുവിടുകയുള്ളൂ. സംസ്കരണത്തിനു ശേഷം ബാക്കിയാവുന്ന അജൈവമാലിന്യം ക്ലീൻ കേരള കമ്പനി ഏറ്റെടുത്ത് സംസ്കരിക്കും.

ഏഴ് ലക്ഷത്തിനടുത്ത് ജനസംഖ്യയും 1,61,000 ൽ അധികം വീടുകളും ഉള്ള കൊച്ചികോർപ്പറേഷനിലെ ജൈവമാലിന്യ പ്രശ്നത്തിന് കംപ്രസ്ഡ് ബയോഗ്യാസ് പ്ലാൻറ് പരിഹാരമാകും.



ഫൂട്ട് & ആങ്കിൾ ആൻഡ് പോഡിയാട്രി ക്ലിനിക്കിന്റെ ഉദ്ഘാടന ചടങ്ങിൽ ഡോ. ഡെന്നിസ് പി ജോസ്, മാനേജിങ് ഡയറക്ടർ എസ്. കെ. അബ്ദുള്ള, ഡോ. രാജേഷ് സൈമൺ, ഡോ. എച്ച് രമേഷ്, ഡോ. ജേക്കബ് വർഗീസ്, ഡോ. ലാസർ ചാണ്ടി എന്നിവർ.

## വിപിഎസ് ലേക്ഷോറിൽ ഫൂട്ട് & ആങ്കിൾ ക്ലിനിക്ക്

ദക്ഷിണേന്ത്യയിലെ ആദ്യ ഫൂട്ട് ആൻഡ് ആങ്കിൾ പോഡിയാട്രി ക്ലിനിക്ക് വിപിഎസ് ലേക്ഷോറിൽ തുടങ്ങി. പാദങ്ങൾ, കണങ്കാൽ എന്നിവയുടെ സർവ്വവിധ പ്രശ്നങ്ങൾക്കുമുള്ള ലോകോത്തര ചികിത്സയാണ് സ്പെഷ്യാലിറ്റി ക്ലിനിക്കിൽ ലഭ്യമാവുക. ഇന്ത്യയിലെ പ്രശസ്ത ഫൂട്ട് & ആങ്കിൾ സർജൻ ഡോ. രാജേഷ് സൈമണിന്റെയും ഡോ. ഡെന്നിസ് പി ജോസിന്റെയും നേതൃത്വത്തിലാണ് ക്ലിനിക്കിന്റെ പ്രവർത്തനം.

പ്രമേഹം മൂലമുണ്ടാകുന്ന ഷാർകോട്ട് ഫൂട്ട്, വാതം മൂലമുണ്ടാകുന്ന പാദങ്ങളുടെ സങ്കീർണ പ്രശ്നങ്ങളുടെ ചികിത്സ, ജന്മനായുള്ള വൈകല്യങ്ങൾ, സന്ധിയിലെ പ്രശ്നങ്ങൾക്ക് ആർത്രോസ്കോപ്പി, ഫൂട്ട് റീകൺസ്ട്രക്ഷൻ തുടങ്ങി എല്ലാ ചികിത്സാരീതികളും ഇവിടെ ലഭ്യമാകും.

ഫൂട്ട് & ആങ്കിൾ പോഡിയാട്രി ക്ലിനിക്ക് വിപിഎസ് ലേക്ഷോർ സ്പെഷ്യാലിറ്റി വിഭാഗത്തിന്റെ പുത്തൻ നാഴികക്കല്ലാണെന്ന് മാനേജിങ് ഡയറക്ടർ എസ്. കെ. അബ്ദുള്ള പറഞ്ഞു.

## ടാറ്റ ടെക്നോളജീസ് ആങ്കർ നിക്ഷേപകരിൽ നിന്ന് 791 കോടി രൂപ സമാഹരിച്ചു

**കൊച്ചി:** എൻജിനീയറിങ്, ഉൽപന്ന വികസന ഡിജിറ്റൽ സേവന ദാതാക്കളായ ടാറ്റ ടെക്നോളജീസ് പ്രാഥമിക ഓഹരി വിൽപന(ഐപിഒ)യ്ക്ക് മുന്നോടിയായി ആങ്കർ നിക്ഷേപകരിൽ നിന്ന് 791 കോടി രൂപ സമാഹരിച്ചു.

67 ഫണ്ടുകൾക്ക് 500 രൂപ നിരക്കിൽ 1.58 കോടി ഇക്വിറ്റി ഷെയറുകളാണ് കമ്പനി അനുവദിച്ചതെന്ന് ബിഎസ്ഇ വെബ്സൈറ്റിലൂടെ പുറത്തുവിട്ട സർക്കുലർ പറയുന്നു. ഇത് പ്രൈസ് ബാൻഡിന്റെ ഏറ്റവും ഉയർന്ന നിരക്കാണ്. ആങ്കർ നിക്ഷേപകരിൽ ഗോൾഡ്മാൻ സാച്ച്സ് (സിംഗപ്പൂർ) പി.ടി.ഇ., കോപ്താൽ മൗറീഷ്യസ് ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ്, ഗവൺമെന്റ് പെൻഷൻ ഫണ്ട് ഗ്ലോബൽ എന്നിവരും ഉൾപ്പെടുന്നു.

നവംബർ 22 ന് ആരംഭിച്ച് 24 ന് അവസാനിക്കുന്ന ഐപിഒയിൽ 6.08 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 475 മുതൽ 500 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. നവംബർ 30 ന് ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

ജെഎം ഫിനാൻഷ്യൽ, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ്, ബോഫാ സെക്യൂരിറ്റീസ് എന്നിവയാണ് ഐപിഒയുടെ ബുക്ക് റണ്ണിംഗ് ലീഡ് മാനേജർമാർ.

ഏകദേശം രണ്ട് പതിറ്റാണ്ടുകൾക്കിടയിൽ ടാറ്റ ഗ്രൂപ്പിൽ നിന്ന് ഐപിഒയ്ക്ക് എത്തിയ ആദ്യ കമ്പനിയാണ് ടാറ്റ ടെക്നോളജീസ്. 2004 ൽ വിപണിയിലെത്തിയ ടാറ്റാ കൺസൾട്ടൻസി സർവീസസാണ് ആദ്യ കമ്പനി.

## ഫെഡ് ബാങ്ക് ഫിനാൻഷ്യൽ സർവീസസ് 324.67 കോടി രൂപ സമാഹരിച്ചു

കൊച്ചി: ഫെഡ് ബാങ്ക് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപന (ഐപിഒ)യ്ക്ക് മുന്നോടിയായി 22 ആങ്കർ നിക്ഷേപകരിൽ നിന്നായി 324.67 കോടി രൂപ സമാഹരിച്ചു.

പ്രൈസ് ബാൻഡിന്റെ ഏറ്റവും ഉയർന്ന 140 രൂപ നിരക്കിൽ 10 രൂപ മുഖവിലയുള്ള 23,191,374 ഇക്വിറ്റി ഓഹരികളാണ് വിതരണം ചെയ്തത്.നവംബർ 24 ന് അവസാനിക്കുന്ന ഐപിഒയിൽ 600 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടറുടെയും നിലവിലുള്ള നിക്ഷേപകരുടെയും 35, 161,723 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇക്വിറ്റി ഓഹരി ഒന്നിന് 133 മുതൽ 140 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്.

കുറഞ്ഞത് 107 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 107ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ബിഎൻപി പാരിബാസ്, ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് മാനേജർമാർ.




# ക്യാമ്പസ് ചിത്രം താൾ; ലിറിക്കൽ വീഡിയോ റിലീസായി

**കൊച്ചി:** ക്യാമ്പസ് ഓർമ്മകളിലേക്ക് പ്രേക്ഷകരെ കൂട്ടികൊണ്ടുപോകുന്ന ആൻസൺ പോൾ, ആരാധ്യാ ആൻ എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്ന താളിലെ പുലരിയിൽ ഇളവെയിൽ ഗാനത്തിന്റെ ലിറിക്കൽ വീഡിയോ റിലീസായി.ബി.കെ. ഹരിനാരായണന്റെ വരികൾക്ക് ബിജിബാൽ ആണ് ഗാനത്തിന്റെ സംഗീത സംവിധാനം. കെ. എസ്. ഹരിശങ്കറും ശ്വേതാ മോഹനുമാണ് ഗാനം താളിലെ പുലരിയിൽ ഇളവെയിൽ എന്ന ഗാനം ആലപിച്ചിരിക്കുന്നത്.നവാഗതനായ രാജസാഗർ സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ കഥയും തിരക്കഥയും സംഭാഷണവും ഡോ.ജി.കിഷോർ നിർവഹിക്കുന്നു.

ഗ്രേറ്റ് അമേരിക്കൻ ഫിലിംസിന്റെ ബാനറിൽ ക്രിസ് തോപ്പിൽ, മോണിക്ക കമ്പാട്ടി, നിഷീൽ കമ്പാട്ടി എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാണം. താൾ എന്ന ക്യാമ്പസ് ചിത്രത്തിൽ ആൻസൺ പോൾ, രാഹുൽ മാധവ്, ആരാധ്യ ആൻ, രഞ്ജി പണിക്കർ, രോഹിണി,ദേവി അജിത്ത്, സിദ്ധാർത്ഥ് ശിവ, നോബി, ശ്രീധന്യ, വിവിയ ശാന്ത്, അരുൺകുമാർ,മറീന മൈക്കിൾ എന്നിവരാണ് പ്രധാന കഥാപാത്രങ്ങളിലെത്തുന്നത്.താളിന്റെ അണിയറപ്രവർത്തകർ ഇവരാണ്.

ഛായാഗ്രഹണം :സിനു സിദ്ധാർത്ഥ്,സംഗീതം: ബിജിബാൽ,ലിറിക്സ് : ബി കെ ഹരിനാരായണൻ, രാധാകൃഷ്ണൻ കുന്നുംപുറം, സൗ ഡിസൈൻ :കരുൺ പ്രസാദ്, വിസ്താ ഗ്രാഫിക്സ് , വസ്ത്രാലങ്കാരം :അരുൺ മനോഹർ, പ്രൊജക്റ്റ് അഡ്വൈസർ : റെജിൻ രവീന്ദ്രൻ,കല: രഞ്ജിത്ത് കോതേരി, പ്രൊഡക്ഷൻ കൺട്രോളർ : കിച്ചു ഹൃദയ് മല്ല്യ , ഡിസൈൻ: മാമി ജോ, ഡിജിറ്റൽ ക്രൂ: ഗോകുൽ, വിഷ്ണു, പി ആർ ഓ: പ്രതീഷ് ശേഖർ.

## ക്യാപ്റ്റൻ മില്ലർ; ധനുഷ് ആലപിച്ച ആദ്യ ഗാനം റിലീസായി




**പൊങ്കൽ** റിലീസായി തീയേറ്ററുകളിലേക്കെത്തുന്ന ധനുഷ് നായകനായ ക്യാപ്റ്റൻ മില്ലറിലെ ആദ്യ ഗാനം റിലീസായി. ജി വി പ്രകാശ് സംഗീത സംവിധാനം നിർവഹിച്ച ഗാനത്തിന്റെ വരികൾ എഴുതിയിരിക്കുന്നത് കബേർവാസുകി ആണ്.

ക്യാപ്റ്റൻ മില്ലറിലെ ഈ ഗംഭീര ഗാനം ആലപിച്ചിരിക്കുന്നതും ധനുഷ് തന്നെയാണ്. യു ബിലീവ് ഡെവിൾ ? ഐ ആം ദി ഡെവിൾ.. ആൻഡ് യു വിൽ കാൾ മി ക്യാപ്റ്റൻ മില്ലർ  ഇങ്ങനെയാണ് ഗാനം ആരംഭിക്കുന്നത്. സരിഗമ  ചാനലിലാണ് ഗാനം റിലീസായത്. അരുൺ മാതേശ്വരൻ  തിരക്കഥയൊരുക്കി സംവിധാനം ചെയ്യുന്ന ചിത്രം ധനുഷിന്റെ കരിയറിലെ തന്നെ ഏറ്റവും വലിയ മുതൽ മുടക്കുള്ള ചിത്രമാണ്. സത്യജ്യോതി ബാനറിൽ ടി ജി നാഗരാജൻ അവതരിപ്പിക്കുന്ന ചിത്രം പ്രൊഡ്യൂസ് ചെയ്യുന്നത് സെന്തിൽ ത്യാഗരാജനും അർജുൻ ത്യാഗരാജനുമാണ്. ധനുഷിന്റെ 47മത് ചിത്രമായ ക്യാപ്റ്റൻ മില്ലറിൽ വിപ്ലവ നായകനായി അദ്ദേഹം മുഖ്യ കഥാപാത്രത്തെ അവതരിപ്പിക്കുന്നു. മാൻ ബണ്ണും താടിയും മനോഹരമായി നീട്ടി വളർത്തിയ മുടിയുമായി പുതിയ ലുക്കിലാണ് ധനുഷ് ക്യാപ്റ്റൻ മില്ലറിലെത്തുന്നത്. ബ്രിട്ടീഷുകാർക്കെതിരെയുള്ള  പോരാട്ടത്തിന്റെ തീപ്പൊരി മിന്നിക്കുന്ന ചിത്രത്തിന്റെ ഇതുവരെ പുറത്തുവന്ന രംഗങ്ങൾ സോഷ്യൽ മീഡിയയിൽ ആളിപ്പടരുകയാണ്.ആനുകാലിക ആക്ഷൻ ഡ്രാമയായി ഒരുങ്ങുന്ന ചിത്രത്തിൽ ധനുഷിനൊപ്പം പ്രിയങ്ക അരുൾ മോഹൻ, ശിവ് രാജ് കുമാർ, സുന്ദീപ് കിഷൻ, ജോൺ കൊക്കെൻ, നിവേദിത സതീഷ് എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.ചിത്രത്തിന്റെ ഡി ഓ പി സിദ്ധാർത്ഥ നൂനി, സ്റ്റ് ദിലീപ് സുബ്ബരായൻ, എഡിറ്റർ നാഗൂരൻ രാമചന്ദ്രൻ എന്നിവരാണ്. മദൻ കർക്കിയാണ് സംഭാഷണം എഴുതിയിരിക്കുന്നത്. ക്യാപ്റ്റൻ മില്ലറിന്റെ  സൗ മിക്സിങ് രാജാകൃഷ്ണനാണ് നിർവഹിക്കുന്നത്. പി ആർ ഓ പ്രതീഷ് ശേഖർ.

## ഒരു ഭാരത സർക്കാർ ഉത്പന്നം ഫസ്റ്റ് ലുക്ക് പോസ്റ്റർ




സുബീഷ് സുധി,ഷെല്ലി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ടി വി രഞ്ജിത്ത് സംവിധാനം ചെയ്യുന്ന ഒരു ഭാരത സർക്കാർ ഉത്പന്നം എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി. അജു വർഗീസ്,ഗൗരി ജി കിഷൻ,ദർശന എസ് നായർ,ലാൽ ജോസ്, വിനീത് വാസുദേവൻ,ജാഫർ ഇടുക്കി,ഗോകുൽ, രാജേഷ് അഴീക്കോടൻ തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.ഭവാനി പ്രൊഡക്ഷൻസിന്റെ ബാനറിൽ രഞ്ജിത്ത് ജഗനാഥൻ,ടി വി കൃഷ്ണൻ തുരുത്തി,കെ സി രഘുനാഥ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അൻസർ ഷാനിർവ്വഹിക്കുന്നു.നിസാം റാവുത്തർ തിരക്കഥ,സംഭാഷണമെഴുതുന്നു.അൻവർ അലി, വൈശാഖ് സുഗതൻ എന്നിവരുടെ വരികൾക്ക് അജ്മൽ ഹസ്ബുള്ള സംഗീതം പകരുന്നു.കോ പ്രൊഡ്യൂസർമുരളി കെ വി രാമന്തളിഎക്സിക്യൂട്ടീവ് പ്രൊഡ്യൂസർനാഗരാജ് നാനി,പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻകലഷാജി മുകുന്ദ്,മേക്കപ്പ്റോണക്സ് സേവ്യർ,വസ്ത്രാലങ്കാരംസമീറ സനീഷ്,സ്റ്റിൽസ്അജി മസ്ക്കറ്റ്,പരസ്യകലയെല്ലൊ ടൂത്ത്സ്,എഡിറ്റർജിതിൻ ഡികെ,ക്രിറ്റേറ്റീവ്ഡയറക്ടർരഘുരാമവർമ്മ, ചീഫ്അസോസിയേറ്റ് ഡയറക്ടർഎം എസ് നിതിൻ, അസോസിയേറ്റ് ഡയറക്ടർഅരുൺ പി എസ്, അസിസ്റ്റന്റ് ഡയറക്ടർശ്യാം,അരുൺ,അഖിൽ, സൗ ഡിസൈൻരാമഭദ്രൻ ബി,ഫിനാൻസ് കൺട്രോളർവിജീഷ് രവി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്വിനോദ് വേണുഗോപാൽ, പ്രൊഡക്ഷൻ മാനേജർവിവേക്,പി ആർ ഒഎ എസ് ദിനേശ്.




## വാസം

എം. ആർ ഗോപകുമാർ,കൈലാഷ്,അഞ്ജലികൃഷ്ണ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ചിത്രാഞ്ജലി സ്റ്റുഡിയോയിൽ എഡിറ്ററായി ദീർഘകാലം സേവനമനുഷ്ഠിച്ചിരുന്ന ചാൾസ് എം. സംവിധാനം ചെയ്യുന്ന വാസം  ചിത്രത്തന്റെ ഒഫീഷ്യൽ ടീസർ റീലിസായി.ഡോക്ടർ ഡിറ്റോ, മുൻഷി രഞ്ജിത്ത്,സജി വെഞ്ഞാറമൂട്, അഞ്ജലി കൃഷ്ണ, മഞ്ജുപത്രോസ്, ശ്രീലത നമ്പൂതിരി,ആശാനായർ തുടങ്ങിയവർ ഈ ചിത്രത്തിൽ പ്രധാനകഥാപാത്രങ്ങളിലെത്തുന്നു. തിരക്കഥ സംഭാഷണം മനോജ് ഐ ജി എഴുതുന്നു. വിനു ശ്രീലകത്തിന്റെ ഗാനങ്ങൾക്ക് വിശ്വജിത്ത് ഈണം പകരുന്നു. റോണി സായി ഛായാഗ്രാഹണം നിർവ്വഹിക്കുന്നു.ചീഫ് എഡിറ്റ് ചാൾസ് എം,കലാസംവിധാനംസംഗീത് ചിക്കു, പ്രൊഡക്ഷൻ കൺട്രോളർരാജേഷ് നെയ്യാറ്റിൻകര, മേക്കപ്പ്അനിൽ നേമം, സംഘട്ടനംഅഷറഫ് ഗുരുക്കൾ,വസ്ത്രാലങ്കാരംപഴനി, അനന്തൻകര കൃഷ്ണൻ കുട്ടി, കോറിയോഗ്രഫിഅയ്യപ്പദാസ്, യൂണിറ്റ്ചിത്രാഞ്ജലി, അസോസിയേറ്റ്സ് അശോകൻ,മധു പി. നായർ, പ്രൊഡക്ഷൻ മാനേജർവിനോദ് ആനാവൂർ, ഇഫക്ട്സ്എസ്.പി ശേഖർ,സ്റ്റിൽസ്ഭരത് ചന്ദ്രൻ, സഹനിർമാണം സി. തുളസി.തമിഴ്നാട്ടിലെ കുലശേഖരത്തും തിരുവനന്തപുരത്തുമായി ചിത്രീകരണം പൂർത്തിയാക്കിയ വാസം ഉടൻ തിയേറ്ററുകളിൽ  റിലീസ് ചെയ്യും.പി ആർ ഒഎ എസ് ദിനേശ്.



# ഇന്റർ കമാൻഡ് ഓഷ്യൻ സെയിലിംഗ് റേസിന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** കടൽ വൈദഗ്ധ്യത്തിന്റെയും സാഹസികതയുടെയും ആഘോഷമായി ഇന്ത്യൻ നാവികസേന 2023ന്റെ ഇന്റർ കമാൻഡ് ഓഷ്യൻ സെയിലിംഗ് റേസിന്റെ രണ്ടാം പതിപ്പ് കൊച്ചിയിൽ നിന്നും തുടക്കമായി. കൊച്ചിയിൽ നിന്നും ഗോവയിലേക്ക് നടക്കുന്ന റേസ് റിയർ അഡ്മിറൽ സുബിർ മുഖർജി ഫ്ളാഗ് ഓഫ് ചെയ്തു. ഐഎൻഎസ് വി ബുൾബുൾ, ഐഎൻഎസ് വി നീൽകാന്ത്, ഐഎൻഎസ് കടൽപൂർ, ഐഎൻഎസ് വി ഹരിയാൽ എന്നീ നാല് സെയിൽ ബോട്ടുകളാണ് കടലിലെ സാഹസികമായ കപ്പലോട്ട മൽസരത്തിൽ പങ്കെടുക്കുന്നത്. മൂന്ന് നാവിക കമാൻഡുകളിൽ നിന്നുള്ള എട്ട് ഉദ്യോഗസ്ഥരും ഡൽഹി പ്രദേശം ഉൾപ്പെടെ ആൻഡമാൻ നിക്കോബാർ കമാൻഡിന്റെ സംയുക്ത സംഘവുമാണ് ഓരോ ബോട്ടിലും ഉണ്ടാകുക. ഇന്ത്യൻ നേവൽ സെയിലിംഗ് അസോസിയേഷന്റെ കീഴിലുള്ള സതേൺ നേവൽ കമാൻഡാണ് കപ്പലോട്ട മത്സരം സംഘടിപ്പിക്കുന്നത്.

കൊച്ചിയിലെ ഓഫ്ഷോർ സെയിലിംഗ് ക്ലബ്ബുമായി സഹകരിച്ച് ഗോവയിലെ ഓഷ്യൻ സെയിലിംഗ് നോഡാണ് മൽസരം ഏകോപിപ്പിക്കുന്നത്. മത്സരത്തിന് മുന്നോടിയായി പങ്കെടുക്കുന്ന ടീമുകൾക്കായി കൊച്ചിയിൽ ഓഷ്യൻ സെയിലിംഗ് ക്ലിനിക് സംഘടിപ്പിച്ചിരുന്നു.

# കൊച്ചിയിലെ കുടിവെള്ള ക്ഷാമം: വെള്ളം പമ്പുചെയ്യുന്ന സമയം അറിയിക്കാൻ വാട്സ് ആപ്പ് ഗ്രൂപ്പ്

**കൊച്ചി:** കൊച്ചി നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിനായി മേയറുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. മരട് കുടിവെള്ള പ്ലാൻറിൽ നിന്നാണ് കൊച്ചി നഗരത്തിലേയ്ക്ക് വെള്ളം എത്തിക്കുന്നത്. 2 പമ്പുകൾ പ്രവർത്തിക്കുമ്പോൾ ഏകദേശം 85 എംഎൽഡി വെള്ളം ഉത്പാദിപ്പിക്കുവാൻ കഴിയും. എന്നാൽ 92 96 എംഎൽഡി ഉണ്ടെങ്കിൽ മാത്രമേ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാവുകയുള്ളുവെന്നും അപ്രകാരം മൂന്നാമതൊരു പമ്പ് പ്രവർത്തിപ്പിക്കുവാൻ തുടങ്ങിയെന്നും വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയർ അറിയിച്ചു. എന്നാൽ പമ്പുകളിൽ ഒരെണ്ണം പ്രവർത്തനരഹിതമായത് മൂലം ഏകദേശം 15 എംഎൽഡി വെള്ളം കുറവ് വന്നിട്ടുണ്ട്.

ഈ പമ്പിൻറെ അറ്റകുറ്റപ്പണികൾ നടക്കുകയാണെന്നും പുതിയ പമ്പിൻറെ നിർമ്മാണം നടക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിചേർത്തു. നിർമ്മാണത്തിൻറെ പ്രവർത്തന പുരോഗതി കൃത്യമായി പിന്തുടർന്ന് അടുത്ത അവലോകന യോഗത്തിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയറെ ചുമതലപ്പെടുത്തി. പശ്ചിമ മേഖലയിൽ കാടുപിടിച്ച് കിടക്കുന്ന വാട്ടർഅതോറിറ്റിയുടെ ഓഫീസ് പരിസരം ഉടനടി വൃത്തിയാക്കണമെന്ന് നിർദ്ദേശിച്ചു. വെള്ളം പമ്പ് ചെയ്യുന്നതുമായി ബന്ധപ്പെട്ട സമയം അറിയുന്നതിനായി വാട്ടർഅതോറിറ്റി ഉദ്യോഗസ്ഥരും നഗരസഭ കൗൺസിലർമാരും ചേർന്ന് ഒരു വാട്ട്സ്ആപ്പ് ഗ്രൂപ്പ് ആരംഭിക്കും.

കുടിവെള്ള പ്രശ്നമുള്ള എല്ലാ സ്ഥലങ്ങളിലും റോഡുകൾ കട്ട് ചെയ്ത് പരിശോധന നടത്തും. ആയതിൻറെ പുനർനിർമ്മാണത്തിനുള്ള പ്രവൃത്തികൾ വകുപ്പു തിരിച്ച് ചെയ്യേണ്ടതാണെന്നും തീരുമാനിച്ചു. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള തീരുമാനങ്ങൾ വിലയിരുത്തുന്നതിനായി എല്ലാ മാസവും അവലോകനയോഗം ചേരുമെന്നും മേയർ അറിയിച്ചു.വീടുകളിലെയും സ്കൂളുകളിലെയും കുടിവെള്ള പ്രശ്നം, വെള്ളത്തിൻറെ ലഭ്യത കുറവ്, ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥത തുടങ്ങിയ നിരവധി പ്രശ്നങ്ങൾ ഡിവിഷൻ കൗൺസിലർമാർ യോഗത്തിൽ ഉന്നയിച്ചു. നഗരസഭയുടെ അനുവാദം ഇല്ലാതെ റോഡുകൾ പൊളിക്കുന്നുണ്ടെന്നും പൈപ്പുകളിൽ ലീക്ക് ഉണ്ടായാൽ ഉടൻ പരിഹാരം കാണുന്നില്ലെന്നും, ടാങ്കർ ലോറിയിൽ വെള്ളം അടിക്കുന്നതിന് പരിധിയുണ്ടെന്നും യോഗത്തിൽ വിമർശനമുയർന്നു. ഡെപ്യൂട്ടി മേയർ കെ.എ.അൻസിയ,സ്ഥിരം സമിതി അധ്യക്ഷൻ സനിൽമോൻ.ജെ, കൗൺസിലർമാർ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ, നഗരസഭ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# കെ രാധാകൃഷ്ണൻ പുരസ്കാരം കാവാലം ശശികുമാറിന്



**കൊച്ചി:** ഇരുപത്തി ആറാമത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ആഭിമുഖ്യത്തിലുള്ള കെ. രാധാകൃഷ്ണൻ പുരസ്കാരത്തിന് മാധ്യമ പ്രവർത്തകൻ കാവാലം ശശികുമാറിനെ തെരെഞ്ഞെടുത്തു. ശശികുമാറിന്റെ ധർമ്മായണം എന്ന സാഹിത്യകൃതിക്കാണ് പുരസ്കാരം. പതിനായിരം രൂപയും ഫലകവും പ്രശസ്തി പത്രവുമാണ് പുരസ്കാരം. 1989 മുതൽ വിവിധ മാധ്യമ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചിരുന്ന കാവാലം ശശികുമാർ നിലവിൽ കോഴിക്കോട് ജന്മഭൂമിയിൽ ഡെപ്യൂട്ടി എഡിറ്ററാണ്. ഡിസംബർ മൂന്നിന് അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ വച്ച് മങ്കൊമ്പ് ഗോപാലകൃഷ്ണൻ പുരസ്കാരം സമ്മാനിക്കും.

# കുഫോസിൽ ഒഴിവ് വാക്ക് ഇൻ ഇന്റർവ്യൂ വെള്ളിയാഴ്ച

**കൊച്ചി:** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ലക്ഷദ്വീപിൽ നടത്തുന്ന ഗവേഷണ പദ്ധതിയിൽ ഒഴിവുള്ള തസ്തികകളിലേക്ക് വെള്ളിയാഴ്ച രാവിലെ 9.30 ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. പ്രൊജക്റ്റ് ഫെല്ലോയുടെ മൂന്ന് ഒഴിവുകളും ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഒരു ഒഴിവുമാണ് ഉള്ളത്. അക്വാറ്റിക്സ് എൺവയർമെൻറ് മാനേജ്മെൻറിൽ എം.എഫ്.എസ്.സിയോ തത്തുല്ല്യ യോഗ്യതയോ ഉള്ളവരെ പരിഗണിക്കും. താൽപര്യമുള്ളവർ നിർദ്ദിഷ്ട മാതൃകയിൽ ഉള്ള അപേക്ഷ പൂരിപ്പിച്ച് പനങ്ങാട് കുഫോസ് ആസ്ഥാനത്ത് ഇന്റർവ്യൂവിന് ഹാജരാകണം. അപേക്ഷ ഫോമിനും കൂടുതൽ വിവരങ്ങൾക്കും കുഫോസ് വെബ് സൈറ്റ് www.kufos.ac.in സന്ദർശിക്കുക

